കേരള സർക്കാർ

<u>സംഗ്രഹം</u>

വനിത ശിശു വികസന വകുപ്പ്- ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിയ്ക്കുന്ന നിയമം 2005 - ഗാർഹിക പീഡനത്തിനു വിധേയരാകുന്ന സ്ത്രീകൾക്കായുള്ള ഷെൽട്ടർ ഹോമുകളുടെ 2025-2026 സാമ്പത്തിക വർഷത്തെ പ്രവർത്തന ഫണ്ട് - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

വനിത ശിശുവികസന (എ) വകുപ്പ്

**G.O.(Rt)296/2025/WCDD** **Dated,23/06/2025**

---

പരാമർശം:-

1. സ.ഉ.(കൈ) നം 2/2021/വശിവിവ തീയതി 31.08.2021
2. സ. ഉ.(അച്ചടി) 4/2022/വശിവിവ തീയതി 29.03.2022
3. വനിത ശിശു വികസന ഡയറക്ടറുടെ 29.03.2025,16.06.2025 എന്നീ തീയതികളിലെ 1900/2025–WEC3 നമ്പർ കത്ത്.
4. 03.04.2025 തീയതിയിലെ വനിത ശിശു വികസന വകുപ്പിന്റെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം
5. സ. ഉ.(സാധാ) 239/2025/വശിവിവ തീയതി 31.05.2025.

AS/WCD/25/42136

## <u>ഉത്തരവ്</u>

ഗാഗാർഹിക പീഡനത്തിനു വിധേയരാകുന്ന സ്ത്രീകൾക്ക് വിവിധ സേവനങ്ങൾ നൽകുന്നതിനു കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് മുഖേന പ്രവർത്തിച്ചുവന്നിരുന്നതും പരാമർശം (1) പ്രകാരം വകുപ്പ് നേരിട്ട് ഏറ്റെടുക്കുകയും ചെയ്ത 11 ഷെൽട്ടർ ഹോമുകളും പരാമർശം (2) പ്രകാരം പുതുതായി രജിസ്ട്രേഷൻ അനുവദിച്ച 3ഷെൽട്ടർ ഹോമുകളുമുൾപ്പെടെ സംസ്ഥാനത്ത് 14 ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു. നിലവിൽ പ്രവർത്തിച്ചുവരുന്ന 14 ഷെൽട്ടർ ഹോമുകളുടെ 2025-26 സാമ്പത്തിക വർഷത്തെ ദൈനംദിനപ്രവർത്തനങ്ങൾക്കായി 2,22,60,000 (രണ്ട് കോടി ഇരുപത്തി രണ്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) 2235-02-103-68-03-00-0-P-V ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കണമെന്നും ടി തുക നടപ്പ് സാമ്പത്തിക വർഷം, പ്രസ്തുത ശീർഷകത്തിൽ ആകെ വകയിരുത്തിയിട്ടുള്ള 14.5 കോടി രൂപയിൽ നിന്നും കണ്ടെത്താൻ കഴിയുന്നതാണെന്നും വനിത ശിശു വികസന ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.പ്രസ്തുത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

Head Of Accounts

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235-02-103-68-03-00-0-P-V | 2,22,60,000 | AS/WCD/25/42136 | 2026-03-31 |

പ്രവർത്തിയുടെ പേര്/ നിർദേശങ്ങൾ - 2235-02-103-68-03-00-0-P-V

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | Administration and Management Expenses for 14 Shelter homes | 80,64,000 |
| 2 | Recurring Expenditure for 14 Shelter homes | 1,41,96,000 |
| ആകെ (രണ്ട് കോടി ഇരുപത്തി രണ്ട് ലക്ഷത്തിഅറുപതിനായിരം രൂപ) | | **2,22,60,000** |

ക്രമ നമ്പർ 1ന്റെ ഇനങ്ങൾ

| ക്രമ നമ്പർ | ഇനം | അളവ് | നിരക്ക്/യൂണിറ്റ് (രൂപയിൽ) | ആകെ തുക (രൂപയിൽ) |
|---|---|---|---|---|
| 1 | Superintendent or Manager (No of Post - 1) (12500X12) per shelter home | 14 | 150000 | 21,00,000 |
| 2 | Honorarium for the Counselor (No of Post - 1) (10500X12) | 14 | 126000 | 17,64,000 |
| 3 | Office Assistant cum data entry operator (No of Post -1) (8500X12) | 14 | 102000 | 14,28,000 |
| 4 | Watchman ,Watchwoman (No of Post - 1) (5500X12) | 14 | 66000 | 9,24,000 |
| 5 | Remuneration of Peon (No of Post - 1) (5500X12) | 14 | 66000 | 9,24,000 |
| 6 | Remuneration to Cook (No of Post - 1) (5500X12) | 14 | 66000 | 9,24,000 |
| ആകെ (എണ്പത് ലക്ഷത്തി അറുപത്തി നാലായിരം രൂപ) | | | | **80,64,000** |

ക്രമ നമ്പർ 2ന്റെ ഇനങ്ങൾ

| ക്രമ നമ്പർ | ഇനം | അളവ് | നിരക്ക്/യൂണിറ്റ് (രൂപയിൽ) | ആകെ തുക (രൂപയിൽ) |
|---|---|---|---|---|
| 1 | Rent for shelter home (Rs.12,500/month X 12) per shelter home | 14 | 150000 | 21,00,000 |

AS/WCD/25/42136

| ക്രമ നമ്പർ | ഇനം | അളവ് | നിരക്ക്/യൂണിറ്റ് (രൂപയിൽ) | ആകെ തുക (രൂപയിൽ) |
|---|---|---|---|---|
| 2 | Food (per resident = 60x30x30x12) per shelter home | 14 | 648000 | 90,72,000 |
| 3 | Clothing (Consolidated) | 14 | 30000 | 4,20,000 |
| 4 | Medicine, Personal kit (Consolidated) | 14 | 72000 | 10,08,000 |
| 5 | Recreational activities/Vocational training (Consolidated) | 14 | 18000 | 2,52,000 |
| 6 | Telephone Charges or Tapal Charges, Emergency medical expenditure and Contigency (Per Sheltelr home) (8000x12) | 14 | 96000 | 13,44,000 |
| ആകെ (ഒരു കോടി നാല്പത്തി ഒന്ന് ലക്ഷത്തിതൊണ്ണൂറ്റി ആറായിരം രൂപ) | | | | **1,41,96,000** |

2. 03.04.2025 തീയതിയിലെ 2025-26 സാമ്പത്തിക വർഷത്തിലെ ഒന്നാമത് വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ 18-ാം ഇനമായി ടി ശിപാർശ അംഗീകരിക്കുകയുണ്ടായി.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഗാർഹിക പീഡനത്തിനിരയായവർക്കായി നിലവിൽ പ്രവർത്തിക്കുന്ന 14 ഷെൽട്ടർ ഹോമുകളുടെ ദൈനംദിനപ്രവർത്തനങ്ങൾക്കായി 2025-2026 സാമ്പത്തികവർഷം 2,22,60,000/- രൂപ (രണ്ട് കോടി ഇരുപത്തിരണ്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) 2235–02–103–68–03–00–0–P–V ശീർഷകത്തിൽ വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവാകുന്നു.

AS/WCD/25/42136

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

To

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം.
ധനകാര്യ (വനിത ശിശു വികസനം) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&.എസ്.എസ്.എ./എ&ഇ), കേരളം,തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,

Santhosh Kumar T K

Digitally signed by Santhoshkumar T K
Date:2025.06.25 03:46:52 +05:30